**"ഭരണഭാഷ – മാതൃഭാഷ"**

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം**

**(ഹാജർ : ശ്രീ. കുഞ്ഞിമമ്മു പറവത്ത്, എം. ടെക്, എം. ബി. എ)**

ഉത്തരവ് നമ്പർ : **എച്ച്.ഇ.സി.ഇ/274/2023/ബി1**

തീയതി-05-07-2024

വിഷയം: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് ശ്രീമതി ബിന്ദു വി -യ്ക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 10/02/2021-ലെ ജി.ഒ. (പി) 27/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 14/06/2024-ലെ എച്ച്.ഇ.സി.ഇ/74/2021/ബി1 നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 18/07/23-ലെ ബി3-356/23/സി.ഇ നമ്പർ ഉത്തരവ്.

ഒന്നാം പരാമർശത്തിലെ സർക്കാർ ഉത്തരവ് അനുബന്ധം XI പ്രകാരം കോമൺ കാറ്റഗറിയിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 1/3 ഭാഗം ജീവനക്കാർ 50200-105300/-രൂപ ശമ്പള സ്കെയിലിൽ റേഷ്യോ ഹയർ ഗ്രേഡിലായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിലവിലുള്ള 4 ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറായ ഒരാൾക്ക് റേഷ്യോ ഗ്രേഡിന് അർഹതയുണ്ട്.

അപ്രകാരം റേഷ്യോ ഗ്രേഡിൽ തുടർന്ന് വന്നയാളും ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറുമായ ശ്രീമതി ഷീജ എസ് പരാമർശം (2) പ്രകാരം സീനിയർ സൂപ്രണ്ടായി ബൈട്രാൻസ്ഫർ നിയമനം ലഭിച്ച് 26/6/24-ന് ജോലിയിൽ പ്രവേശിച്ചതു നിമിത്തം നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറായ ശ്രീമതി ബിന്ദു വി. റേഷ്യോ ഹയർ ഗ്രേഡിന് അർഹയായിരിക്കുന്നു. ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ടിയാളുടെ പ്രൊബേഷൻ 08/05/2023-ന് രാവിലെ മുതൽ തൃപ്തികരമായി പൂർത്തീകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ബിന്ദു വി-യ്ക്ക് 26/6/24 തീയതി പ്രാബല്യത്തിൽ 50200-105300/- രൂപ ശമ്പള സ്കെയിലിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

**Signed by Kunhimammu Paravath**
**Date: 05-07-2024 12:45:32**
ചീഫ് എഞ്ചിനീയർ(I/C)

സ്വീകർത്താവ്

ശ്രീമതി ബിന്ദു വി, ജൂനിയർ സൂപ്രണ്ട് (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :- 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, ആലപ്പുഴ
2. സ്റ്റോക്ക് ഫയലിലേയ്ക്ക്/ വെബ്സൈറ്റിലേയ്ക്ക്